# പതിമൂന്നാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4928 01/07/13-ൽ മറുപടിക്ക്

**<u>മത്സ്യസമൃദ്ധി പദ്ധതി സബ്സിഡി</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത് :<br>,, ആർ സെൽവരാജ് :<br>,, എം. പി. വിൻസെന്റ്:<br>,, ഡൊമിനിക് പ്രസന്റേഷൻ : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) സംസ്ഥാനത്ത് മത്സ്യസമൃദ്ധി പദ്ധതിയിലൂടെ പൂർത്തീകരിച്ച കരിമീൻ കേജ് കൾച്ചർ, കരിമീൻ വിത്തുല്പാദന യൂണിറ്റ് എന്നിവയുടെ സബ്സിഡി വിതരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കമോ ; | (എ) മത്സ്യസമൃദ്ധി പദ്ധതിയുടെ ഭാഗമായി ഒന്നാം വർഷം നടപ്പിലാക്കിയ കരിമീൻ കേജ് കൾച്ചർ, കരിമീൻ വിത്തുല്പാദന യൂണിറ്റ് എന്നിവയുടെ സബ്സിഡി വിതരണം നടത്തി. ഒന്നാംവർഷത്തിൽ (2012-13) കരിമീൻ വിത്തുല്പാദന യൂണിറ്റിന് 14 ജില്ലകളിലായി 50 യൂണിറ്റ് ടാർജറ്റ് അനുവദിച്ചു നൽകിയതിൽ 48 എണ്ണം പൂർത്തിയാക്കുകയും കരിമീൻ കൂട് കൃഷിക്ക് 100 യൂണിറ്റ് ടാർജറ്റ് അനുവദിച്ച് നൽകിയതിൽ 79 എണ്ണം പൂർത്തിയാക്കുകയും ചെയ്തു.<br>കരിമീൻ വിത്തുല്പാദന യൂണിറ്റിന് സബ്സിഡി നിരക്ക് 15000 രൂപ / യൂണിറ്റും (വ്യക്തിഗത കർഷകന് 1 യൂണിറ്റ്, ഗ്രൂപ്പുകൾക്ക് പരമാവധി 3 യൂണിറ്റും) കരിമീൻ കൂട് കൃഷിക്ക് 25000 രൂപ / യൂണിറ്റും (ഗ്രൂപ്പുകൾക്ക് പരമാവധി 2 യൂണിറ്റ് ) ആണ് പദ്ധതി പ്രകാരം നൽകി വരുന്നത്. ശുദ്ധജല മത്സ്യകൃഷിയുടെ ഇൻപുട്ട് സബ്സിഡി (തീറ്റ) വിതരണ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോല്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള മത്സ്യസമൃദ്ധി പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിലൂടെ 67750 ടൺ ശുദ്ധജല മത്സ്യം, 6875 ടൺ |

ശുദ്ധജല കൊഞ്ച്, 7500 ടൺ ചെമ്മീൻ, 9000 ടൺ കല്ലുമേക്കായ, 900 ടൺ ഞ ണ്ട്, 300 ടൺ കരിമീൻ എന്നിവ അധികമായി ഉത്പാദിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പദ്ധതിയിലൂടെ വിവിധ ഇനങ്ങളിലായി 150 ടൺ അധിക ഉല്പാദനവും ലക്ഷ്യമിടുന്നു. ഇതിലൂടെ 451.50 കോടി രൂപ അധിക വരുമാനം ഉണ്ട ാകുമെന്ന് കണക്കാക്കപ്പെടുന്നു. കൂടാതെ 20 ലക്ഷം തൊഴിൽ ദിനങ്ങൾ പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെടുന്നു.

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി വഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കു മോ ;

(സി) മത്സ്യസമൃദ്ധി പദ്ധതി പ്രകാരം കുളങ്ങളിലേയും ഇതര ജലസംഭരണികളിലേയും ശുദ്ധജല മത്സ്യകൃഷിക്കും പാടശേഖരങ്ങളിലെയും കോൾപാടങ്ങളിലേയും മത്സ്യ/ആറ്റുകൊഞ്ച് കൃഷി / സംയോജിത മത്സ്യകൃഷിക്കുമായി ഒരു ഹെക്ടറിന് 10,000 രൂപ സബ്സിഡിയും പൊക്കാളി/കൈപ്പാട് നിലങ്ങളിലേയും സ്വകാര്യകുളങ്ങളിലെയും ചെമ്മീൻ കൃഷിക്ക് ഹെക്ടറിന് 20,000/- രൂപയും കല്ലുമ്മേക്കായ (25 ച. മീ.) 2500 രൂപയും നൽകി വരുന്നു.

കരിമീൻ വിത്ത് പരിപാലന യൂണിറ്റുകൾക്ക് (പി. എസ്. ആർ. യു.) 15,000/- രൂപയും കുളത്തിലെ കരിമീൻകൃഷിക്കും കൂടുകളിലെ കരിമീൻകൃഷിക്കും 25000/- രൂപ വീതവും അടുക്കളകുളത്തിലെ കരിമീൻ കൃഷിക്ക് 1000 രൂപയുമാണ് സഹായധനം അനുവദിച്ചിരിക്കുന്നത്.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനത്ത് 50 പ്രോജക്റ്റ് അസിസ്റ്റന്റുമാരെ 14 ജില്ലകളിലായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും പഞ്ചായത്തുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനത്ത് 739

അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരെ പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ ചെയർമാനായുള്ള ഒരു സംസ്ഥാനതല സ്റ്റീയറിംഗ് കമ്മിറ്റിയും പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികളുടെയും വ്യക്തികളുടെയും ഏകോപനം ഉറപ്പാക്കുന്നതിനുമായി ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ ഒരു ജില്ലാതല സ്റ്റീയറിംഗ് കമ്മിറ്റിയും. പഞ്ചായത്തുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ ഒരു പഞ്ചായത്ത്തല സ്റ്റീയറിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഒന്നാം വർഷം നടപ്പിലാക്കേണ്ട ഘടക പദ്ധതികളുടെ ടാർജറ്റ് ജില്ലകൾക്ക് അനുവദിച്ചു നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് പരിശീലനം ലഭ്യമാക്കുകയും തുടർന്ന് സർവ്വേ നടത്തി അനുയോജ്യമായ ജലാശയങ്ങളിൽ സബ്സിഡി നിരക്കിൽ മത്സ്യവിത്ത് ലഭ്യമാക്കുകയും ചെയ്തു. ഇൻപുട്ട് സബ്സിഡി ഇനത്തിൽ മത്സ്യത്തീറ്റയ്ക്ക് ചെലവാകുന്ന തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും വിളവെടുപ്പ് വിവിധ ജില്ലകളിൽ നടന്നുവരുകയും

സെക്ഷൻ ഓഫീസർ